**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3150** | **13-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 അധ്യയനവർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നത് വരെ പ്രസ്തുത തസ്തികകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | 2022-23 അധ്യയനവർഷം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നത് വരെ പ്രസ്തുത തസ്തികകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ എത്ര അദ്ധ്യാപകരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ എത്ര വീതം അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം കാസർകോട്, കാഞ്ഞങ്ങാട് വിദ്യാഭ്യാസ ജില്ലകളിലെ ഏതൊക്കെ വിദ്യാലയങ്ങളിലാണ് താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇത്തരത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) | കാസർകോട് ജില്ലയിലെ വിദ്യാലയങ്ങളിൽ ഒന്നിലധികം ഡിവിഷനുകൾ ആവശ്യമുള്ള ക്ലാസ്സുകളിൽ നിലവിൽ ഒറ്റ ഡിവിഷനായി ക്ലാസ്സുകൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിദ്യാലയങ്ങളുടെ പേരും ക്ലാസ്സുകളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- 2022-23 വർഷം മുതലുള്ള തസ്തികനിർണ്ണയം- സർക്കാർ,എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നതു വരെ പ്രസ്തുത തസ്തികകളിലെ അദ്ധ്യാപകരുടെ താൽക്കാലിക നിയമനം - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.102/2022/GEDN തീയതി,തിരുവനന്തപുരം, 08-06-2022

---

പരാമർശം:- 20.4.2022 ലെ എസ്.ആർ.ഒ നമ്പർ 375/2022 (18.4.2022 ലെ സ.ഉ(പി) നം. 5/2022/പൊവിവ )

**<u>ഉത്തരവ്</u>**

പരാമർശത്തിലെ വിജ്ഞാപനം പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വിവിധ ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിയിരുന്നു. അതനുസരിച്ച് കേരളവിദ്യാഭ്യാസചട്ടങ്ങൾ അദ്ധ്യായം XXIII ചട്ടം 12ൽ വരുത്തിയ ഭേദഗതികൾ പ്രകാരം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അധിക ഡിവിഷനുകളും അധിക തസ്തികകളും അനുവദിക്കുന്നതു വിദ്യാഭ്യാസ ഓഫീസർ,ഡയറക്ടർ,സർക്കാർ തലങ്ങളിൽ നിന്നും നടത്തുന്ന സ്കൂൾ പരിശോധനകൾക്കു ശേഷം ഒക്ടോബർ 1 പ്രാബല്യത്തിലായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ അധികതസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ കുട്ടികളുള്ളപക്ഷം സർക്കാർ സ്കൂളുകളിൽ അധിക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതുവരെയും, എയ്ഡഡ് സ്കൂളുകളിൽ, അധിക തസ്തിക സൃഷ്ടിച്ച് കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7 ലെ വിവിധ വ്യവസ്ഥകൾ അനുസരിച്ച് നിയമനം നടത്തുന്നതുവരെയുമുള്ള കാലയളവിൽ കുട്ടികളുടെ അധ്യയനം മുടങ്ങാതിരിക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ സ്കൂൾ തുറക്കുന്ന തീയതി മുതൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട്, അതാത് കാലം സർക്കാരും പൊതുവിദ്യാഭ്യാസഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും ദിവസവേതനം നൽകുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പ് പുറപ്പെടുവിക്കുന്ന പൊതു ഉത്തരവുകളിലെയും വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ